08-05-2022

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/05/2022.

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവ്വേ ഈ മാസം **09 മുതൽ 31** (2022 മെയ് 9 മുതൽ 31 വരെ) നടത്തുന്നു. ആയതിനാൽ പാടശേഖര സമിതികൾ, കർഷകർ, സംരംഭകർ, വിവിധ ഏജൻസികൾ എന്നിവർ കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റിതര ഏജൻസികളുടെയും വിവിധ പദ്ധതികളുടെ സഹായത്തോടെ ലഭിച്ചിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി അവരവരുടെ കൃഷി ഭവനിൽ ഈ **മാസം 9-നു** മുമ്പായി നൽകേണ്ടതാണ്. മാതൃക ഫോറം കൃഷിഭവനിൽ ലഭ്യമാണ്. സർവ്വേ കാലയളവിൽ കാർഷിക യന്ത്രവൽക്കരണ മിഷൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ യന്ത്രങ്ങൾ നേരിട്ട് വന്ന് പരിശോധിക്കുന്നതാണ്.

2. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം ഈ മാസം 12-ന് (മേയ് 12) പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു. 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിൽ ചീഫ് മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജൂനിയർ അക്കൗണ്ടന്റ്, ഫ്ളോർ സൂപ്പർവൈസർ ഫോർ ബസാർ എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മേയ് മാസം 10 ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും മേയ് മാസം 10 മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതി ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അപേക്ഷിക്കുക. കൂടുതൽ വിവിരങ്ങൾക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343, 2471344** എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ പൂക്കോട് ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിലുള്ള ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ബുക്കിംഗ് പ്രകാരം എല്ലാ ബുധനാഴ്ച്ചയുമാണ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. ആവശ്യമുള്ളവർ **9497720137** എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

5. കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ക്ഷീരവികസനവകുപ്പിന്റെ 2021 - 2022 വാർഷിക പദ്ധതി പ്രകാരം, ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ നെൽപാടങ്ങളിലെ വൈക്കോൽ സംഭരിച്ച് ബെയ്ലിംഗ് (കെട്ടുകൾ) നടത്തി ക്ഷീരകർഷകർക്ക് വിലക്കുറവിൽ വൈക്കോൽ വിതരണം ചെയ്യുന്നതിനും നെൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന "വൈക്കോൽ ബെയ്ലിംഗ് യുണിറ്റ്" എന്ന ഒരു നൂതന പദ്ധതി തൃശ്ശൂർ ജില്ലയിലെ ആട്ടോർ-പോട്ടോർ ക്ഷീരോൽ പാദക സഹകരണ സംഘത്തിൽ ആരാഭിച്ചിരിക്കുകയാണ്. സംഘം പ്രവർത്തനം ആരംഭിച്ച് 25 വർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ സംഘത്തിന്റെ സിൽവർ ജൂബിലി ആഘോഷ പരിപാടികളുടെയും വൈക്കോൽ ബെയ്ലിംഗ് യൂണിറ്റിന്റേയും ഉത്ഘാടനം ആട്ടോർ - പോട്ടോർ ക്ഷീരസഹകരണ സംഘം പരിസരത്തുവെച്ച് വടക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ. സേവ്യർ ചിറ്റിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നിർവഹിച്ചു.

## പരിശീലന പരിപാടികൾ

6. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരിതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 3 ദിവസത്തെ പരിശീലന പരിപാടി ഈ മാസം 18 മുതൽ 20 വരെ (മെയ് മാസം 18 മുതൽ 20 വരെ) രാവിലെ 10 മണി മുതൽ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിലെ ഹൈ ടെക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാളിൽ വച്ച് നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, പ്രവർത്തന – ഉപയോഗ– പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം** എന്നിവയെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0487–2960079, 7025498850** എന്നീ നമ്പരുകളിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (മെയ് 9) രാവിലെ 11 മണി മുതൽ **കൂട്ടാം ഗുണനിലവാരം നേടാം മെച്ചപ്പെട്ട വില** എന്ന വിഷയത്തിലും 11-ന് ക്ഷീരസംഘം ജീവനക്കാരുടെ സർവീസ് പുസ്തകം, അവധി – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495445536** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. താൽപ്പര്യമുള്ളവർ iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളിൽ നാളെ മുതൽ 13 വരെ (മെയ് 09 മുതൽ 13 വരെ) പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം